"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കില - പുതുതായി സൃഷ്ടിച്ച തസ്തികകളും അവയുടെ യോഗ്യതാ മാനദണ്ഡവും ഡ്രൈവർ തസ്തികയുടെ പുതുക്കിയ യോഗ്യതാ മാനദണ്ഡവും ഉൾപ്പെടുത്തി കിലയുടെ സർവീസ് ബൈലോ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Ms) No.115/2020/LSGD തീയതി,തിരുവനന്തപുരം, 31/07/2020

---

പരാമർശം:- 1 05.04.2005-ലെ സ.ഉ.(കൈ) നം.89/2005/ത.സ്വ.ഭ.വ.

2 03.06.2020-ലെ സ.ഉ.(കൈ) നം.90/2020/ത.സ്വ.ഭ.വ.

3 26.06.2020-ലെ സ.ഉ.(കൈ) നം.101/2020/ത.സ്വ.ഭ.വ.

4 കില ഡയറക്ടർ ജനറലിന്റെ 10.07.2020-ലെ കില/2019/101/6610 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം കിലയിലെ ഡ്രൈവർ തസ്തികയുടെ യോഗ്യതാ മാനദണ്ഡം പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിന്റെ ഭാഗമായി Urban Chair Professor, Senior Urban Fellow, Urban Fellow എന്നീ 3 (മൂന്ന്) സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് കൊണ്ടും ടി തസ്തികകളുടെ യോഗ്യതാ മാനദണ്ഡം നിശ്ചയിച്ച് കൊണ്ടും ഉത്തരവായിരുന്നു. ടി സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച് നല്കിയിട്ടുള്ള ഡ്രൈവർ തസ്തികയുടെ പുതുക്കിയ യോഗ്യതാ മാനദണ്ഡവും പുതുതായി സൃഷ്ടിച്ച തസ്തികകളും അവയുടെ യോഗ്യതാ മാനദണ്ഡവും കിലയുടെ സർവ്വീസ് ബൈലോയിൽ ഉൾക്കൊള്ളിച്ച് ഭേദഗതി വരുത്തി ഉത്തരവ് നല്കണമെന്ന് കില ഡയറക്ടർ ജനറൽ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച കിലയിലെ ഡ്രൈവർ തസ്തികയുടെ യോഗ്യതാ മാനദണ്ഡവും പരാമർശം (3) ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ച Urban Chair Professor, Senior Urban Fellow, Urban Fellow എന്നീ മൂന്ന് സ്ഥിരം തസ്തികകളും അവയുടെ യോഗ്യതാ മാനദണ്ഡവും കൂടി ഉൾ പ്പെടുത്തി കിലയുടെ സർവീസ് ബൈലാ (Service Bye-Law) ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) കിലയുടെ സർവീസ് ബൈലാ (Service Bye-Law) മേൽപ്രകാരമുള്ള ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം,
Signature valid
Digitally signed by MANJULA G
Date: 2020.08.03 16:43:54 IST
Reason: Approved
സെക്ഷൻ ഓഫീസർ.